(ബി) സി.എച്ച്.സി.-യുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കുന്നതിന് സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിനാവശ്യമായ ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. പുതിയ ഐ.പി. കെട്ടിടത്തിന്റെ നിർമ്മാണം പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ നിരക്ക് വർദ്ധന

70 (T* 2345) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ചികിത്സകൾക്കാണ് നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

ഉത്തരം

കാർഡിയോളജി, കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി, ഇമേജിംഗ് സയൻസസ് ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി എന്നീ വിഭാഗങ്ങളിൽപ്പെട്ട അസുഖങ്ങളുടെ റഫറൽ ആശുപത്രിയാണ് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ശ്രീചിത്രയിൽ നടത്തപ്പെടുന്ന എല്ലാ ചികിത്സകളുടെയും നിരക്കുകളിൽ 1-1-2016 മുതൽ 15% നിരക്ക് വർദ്ധന പ്രാബല്യത്തിൽ വന്നു. ഇതിന് ഉപരിയായി റിവ്യൂ ചാർജ്ജ് 300 രൂപയായും രജിസ്ട്രേഷൻ ചാർജ്ജ് 400 രൂപയായും വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്ന കൺസഷൻ ഘടന യാതൊരു മാറ്റവും ഇല്ലാതെ ഇപ്പോഴും തുടരുന്നു.

അട്ടപ്പാടി, നല്ലൂർനാട് മേഖലയിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ

71 (2346) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് സ്പെഷ്യാലിറ്റി ആശുപത്രികളാക്കി സേവനം ലഭ്യമാക്കിയ അട്ടപ്പാടി, നല്ലൂർനാട് ആശുപത്രികളുടെ ഇന്നത്തെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly